കെഎസ്ആർടിസി സ്വിഫ്റ്റ് ബസ് ഡ്രൈവർക്ക് യാത്രക്കാരന്റെ മർദനം

കിളിമാനൂർ

കെഎസ്ആർടിസി സ്വിഫ്റ്റ് ബസ് ഡ്രൈവർക്ക് യാത്രക്കാരന്റെ മർദനം. ദേശീയ പാതയിൽ ശനി ഉച്ചയ്ക്ക് ചാത്തൻപാറയ്ക്കും ആഴാംകോണത്തിനും ഇടയ്ക്കായിരുന്നു സംഭവം. യാതൊരുവിധ പ്രകോപനവുമില്ലാതെ സ്വിഫ്റ്റ് ബസിലെ യാത്രക്കാരനായ നഗരൂർ വെള്ളംകൊള്ളി ആസിഫ് മൻസിലിൽ മുഹമ്മദ് ആസിഫ് (29) ആണ് മദ്യലഹരിയിൽ ഡ്രൈവറെ ആക്രമിച്ചത്.

അക്രമിയുടെ അടിയേറ്റിട്ടും മുഖത്തും മറ്റും പരിക്കേറ്റിട്ടും ബസിന്റെ നിയന്ത്രണം വിടാതെ ഡ്രൈവർ തൃശൂർ മുതുവന സ്വദേശി ഉണ്ണിക്കൃഷ്ണൻ (44) ബസ് നിർത്തി വൻ അപകടമൊഴിവാക്കി. ഇതോടെ ബസിന്റെ ട്രിപ്പ് മുടങ്ങുകയും അക്രമിയെ ബസിലെ യാത്രക്കാർ കീഴ്പ്പെടുത്തുകയും ചെയ്തു. തുടർന്ന് കല്ലമ്പലം പൊലീസെത്തി അക്രമിയെ കസ്റ്റഡിയിലെടുത്തു. സ്റ്റേഷനിലും ഇയാൾ അക്രമാസക്തനായി. മർദനത്തിൽ പരിക്കേറ്റ ഡ്രൈവറെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ട്രിപ്പു മുടങ്ങിയതോടെ ബസിലെ യാത്രക്കാരെ മറ്റൊരു ബസിൽ കയറ്റിവിട്ടു.

സമ്മർ ക്യാമ്പ്

പാറശാല

കുട്ടികളുടെ വിവിധ കലാവാസനകളും പാഠ്യപാഠ്യേതര രംഗങ്ങളിൽ വിദ്യാർഥികളെ മികവുറ്റവരാക്കുക എന്ന ലക്ഷ്യത്തോടെ തിരുവനന്തപുരം ലയോളാ കോളേജ് ഓഫ് സോഷ്യൽ സയൻസിലെ സാമൂഹ്യ പ്രവർത്തനവകുപ്പിലെ വിദ്യാർഥികളും പൊഴിക്കര ബീച്ച് വാർഡ് കുടുംബശ്രീ എഡിഎസ് ബാലസഭയും സംയുക്തമായി സമ്മർക്യാമ്പ് സംഘടിപ്പിച്ചു. അഞ്ചാം ക്ലാസുമുതൽ പ്ലസ്ടു വരെയുള്ള വിദ്യാർഥികൾക്കായി ചിറക് 23 എന്ന പേരിൽ നടക്കുന്ന ക്യാമ്പ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എസ് കെ ബെൻഡാർവിൻ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. കുളത്തൂർ പഞ്ചായത്തിലെ പൊഴിക്കര ബീച്ച് വാർഡിൽ നടന്ന ചടങ്ങിൽ വാർഡ് മെമ്പർ അജിത്ത് പൊഴിയൂർ അധ്യക്ഷനായി. അർ എസ് ബൈജുകുമാർ, അനിൽകുമാർ, ആന്റണിയമ്മ എന്നിവർ സംസാരിച്ചു. സമ്മർ ക്യാമ്പ് 16ന് സമാപിക്കും.

ചിറയിൻകീഴ് മണ്ഡലത്തിലെ 7 തീരദേശ റോഡുകൾ മന്ത്രി സജി ചെറിയാൻ ഓൺലൈനായി ഉദ്ഘാടനം ചെയ്യുന്നതിന്റെ ഭാഗമായി വി ശശി എംഎൽഎ തിരിതെളിക്കുന്നു

തീരദേശ റോഡുകൾ നാടിന് സമർപ്പിച്ചു

ചിറയിൻകീഴ്

മണ്ഡലത്തിലെ ഏഴ് തീരദേശ റോഡുകൾ മന്ത്രി സജി ചെറിയാൻ ഓൺലൈനായി ഉദ്ഘാടനംചെയ്തു. വി ശശി എംഎൽഎ അധ്യക്ഷനായി. ചിറയിൻകീഴ് പഞ്ചായത്തിലെ കാവിന്റെമൂല ചന്ദിരത്തുവാടറോഡും സെന്റ് ജെയിംസ് ചർച്ച് തെക്കേവിള റോഡും ഉദ്ഘാടനംചെയ്തു.

ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എ ഷൈലജ ബീഗം, ജില്ലാ പഞ്ചായത്ത് അംഗം ആർ സുഭാഷ്, ചിറയിൻകീഴ് പഞ്ചായത്ത് പ്രസിഡന്റ് പി മുരളി, അഴൂർ പഞ്ചായത്ത് പ്രസിഡന്റ് ആർ അനിൽ, കടയ്ക്കാവൂർ പഞ്ചായത്ത് പ്രസിഡന്റ് എസ് ഷീല, പഞ്ചായത്തംഗങ്ങളായ എം എ വാഹിദ്, ആർ അനീഷ്, ഷൈജ ആന്റണി എന്നിവർ സംസാരിച്ചു.

കാർ ടിപ്പറിൽ പാഞ്ഞുകയറി 3 പേർക്ക് പരിക്ക്

കിളിമാനൂർ

ദേശീയപാതയിൽ നാവായിക്കുളം വലിയപള്ളിക്ക് സമീപം നിർത്തിയിട്ടിരുന്ന ടിപ്പർ ലോറിക്ക് പിന്നിൽ കാറിടിച്ച് മൂന്നുപേർക്ക് പരിക്ക്. കാർ ഡ്രൈവർക്കും പിൻസീറ്റിലിരുന്ന രണ്ട് സ്ത്രീകൾക്കുമാണ് പരിക്കേറ്റത്. ഇവരെ നാട്ടുകാർ അടുത്തുള്ള സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ശനിയാഴ്ചയായിരുന്നു അപകടം.

ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് ഉപയോഗിച്ചിരുന്ന ടിപ്പർ ലോറി റോഡരികിൽ നിർത്തിയിട്ടിരിക്കുകയായിരുന്നു. കൊല്ലം ഭാഗത്തുനിന്നും തിരുവനന്തപുരം ഭാഗത്തേക്ക് വരികയായിരുന്ന മാരുതി കാർ നിയന്ത്രണം വിട്ട് ടിപ്പറിൽ ഇടിച്ചുകയറുകയായിരുന്നു. ഡ്രൈവർ ഉറങ്ങിപ്പോയതാകാം അപകടകാരണമെന്ന് സംശയിക്കുന്നു.

അക്വാ കൾച്ചർ പ്രൊമോട്ടേഴ്സ് യൂണിയൻ ജില്ലാ സമ്മേളനം സിഐടിയു ജില്ലാ ജോയിന്റ് സെക്രട്ടറി എസ് പി ദീപക് ഉദ്ഘാടനം ചെയ്യുന്നു

അക്വാ കൾച്ചർ പ്രൊമോട്ടർമാരുടെ വേതനം 1000 രൂപയാക്കണം

സ്വന്തം ലേഖകൻ

തിരുവനന്തപുരം

ഫിഷറീസ് വകുപ്പിനു കീഴിൽ ജനകീയ മീൻകൃഷിയുടെയും മറ്റു പദ്ധതികളുടെയും ഫീൽഡ്തല പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കുന്ന അക്വാകൾച്ചർ പ്രൊമോട്ടർമാരുടെ ദിവസ വേതനം 1000 രൂപയാക്കണമെന്ന് അക്വാകൾച്ചർ പ്രൊമോട്ടേഴ്സ് യൂണിയൻ (എകെഎസിപിയു– സിഐടിയു) ജില്ലാ സമ്മേളനം ആവശ്യപ്പെട്ടു. സിഐടിയു ജില്ലാ ജോയിന്റ് സെക്രട്ടറി എസ് പി ദീപക് ഉദ്ഘാടനം ചെയ്തു. യൂണിയൻ ജില്ലാ പ്രസിഡന്റ് വി അജയകുമാർ അധ്യക്ഷനായി.

സംസ്ഥാന പ്രസിഡന്റ് പി ശശികുമാർ സംഘടനാ റിപ്പോർട്ടും ജില്ലാ സെക്രട്ടറി എസ് ടി സരിത പ്രവർത്തന റിപ്പോർട്ടും എൻ എസ് ജയശ്രീ കണക്കും അവതരിപ്പിച്ചു. സിഐടിയു ജില്ലാ ജോയിന്റ് സെക്രട്ടറി നാലാഞ്ചിറ ഹരി, കെ എസ് പ്രസീത, ഹരിദാസ് എന്നിവർ സംസാരിച്ചു. ഭാരവാഹികൾ: വി അജയകുമാർ (പ്രസിഡന്റ്), നികേഷ്, ജെ ബിനു (വൈസ് പ്രസിഡന്റുമാർ), എസ് ടി സരിത (സെക്രട്ടറി), സുഹൈൽ, കെ എസ് പ്രസീത (ജോയിന്റ് സെക്രട്ടറിമാർ), എൻ എസ് ജയശ്രീ (ട്രഷറർ).

മുഖ്യധാര മാധ്യമങ്ങൾ വ്യാജവാർത്തകൾ സൃഷ്ടിക്കുന്നു: വി ശിവൻകുട്ടി

വർക്കല

പാവപ്പെട്ടവരാണ് ഇടതുപക്ഷത്തിന്റെ ശക്തിയെന്നും കേരളത്തിലെ മതനിരപേക്ഷർ മുഴുവനും വോട്ട് ചെയ്തതിനാലാണ് എൽഡിഎഫ് വീണ്ടും അധികാരത്തിലെത്തിയതെന്നും മന്ത്രി വി ശിവൻകുട്ടി പറഞ്ഞു. എൽഡിഎഫ് സർക്കാർ രണ്ടാം വാർഷികത്തിന്റെ ഭാഗമായി വർക്കല മണ്ഡലത്തിൽ സംഘടിപ്പിച്ച റാലിയും പൊതുസമ്മേളനവും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. താലൂക്ക് അദാലത്തുകൾ വിജയം കൈവരിക്കുകയാണ്.

വർക്കലയിൽമാത്രം ആയിരത്തോളം പരാതികൾക്ക് പരിഹാരം കാണാനായി. മുഖ്യധാരാ മാധ്യമങ്ങൾ ഇടതുപക്ഷ സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾ തുറന്നുകാട്ടാതെ വ്യാജ വാർത്തകൾ സൃഷ്ടിക്കുകയാണ്. സാധാരണക്കാരെയും തൊഴിലാളികളെയും ദ്രോഹിക്കുന്ന മോദി സർക്കാർ കുത്തക മുതലാളിമാരെ സഹായിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. സിപിഐ എം ജില്ലാ സെക്രട്ടറി വി ജോയി എംഎൽഎ അധ്യക്ഷനായി. സിപിഐ വർക്കല മണ്ഡലം സെക്രട്ടറി വി മണിലാൽ സ്വാഗതം പറഞ്ഞു. എൽഡിഎഫ് നേതാക്കളായ വി പി ഉണ്ണികൃഷ്ണൻ, ബി രവികുമാർ, ബി പി മുരളി, സജീർ രാജകുമാരി, എസ് ഷാജഹാൻ, മടവൂർ അനിൽ, വി രഞ്ജിത്ത്, എം കെ യൂസഫ്, കെ എം ലാജി, സ്മിതാ സുന്ദരേശൻ, മടവൂർ സലിം, പ്രേംജിത്ത് തുടങ്ങിയവർ സംസാരിച്ചു. എസ്എഫ്ഐ, ഡിവൈഎഫ്ഐ പ്രവർത്തകർ അഭിവാദ്യമർപ്പിച്ച് പ്രകടനം നടത്തി.

വർക്കല മണ്ഡലത്തിലെ എൽഡിഎഫ് പൊതുസമ്മേളനത്തിൽ വി ജോയി എംഎൽഎ സംസാരിക്കുന്നു

വിദ്യാഭ്യാസ ആരോഗ്യരംഗത്ത് സമൂലമാറ്റം സാധ്യമാക്കി: വി ജോയി

വർക്കല

വർക്കല മണ്ഡലത്തിൽ വിദ്യാഭ്യാസ ആരോഗ്യ ടൂറിസം രംഗത്ത് സമൂലമായ മാറ്റം വരുത്താൻ കഴിഞ്ഞെന്ന് സിപിഐ എം ജില്ലാ സെക്രട്ടറി വി ജോയി എംഎൽഎ. എൽഡിഎഫ് സർക്കാർ രണ്ടുവർഷം പൂർത്തിയാക്കുന്നതിന്റെ ഭരണപുരോഗതിയും

ഭാവി വികസനവും വിശദീകരിക്കുന്ന വർക്കല മണ്ഡലത്തിലെ പൊതുസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. മണ്ഡലത്തിൽ മുഴുവൻ ഹയർ സെക്കൻഡറി, ഹൈസ്കൂളുകൾക്കും പുതിയ കെട്ടിടം നിർമിച്ചു. എൽപി, യുപി സ്കൂളുകളിലും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി. വർക്കലയുടെ പൈതൃകം വിളിച്ചോതുന്ന രീതിയിൽ സമസ്ത മേഖലകളും ഉയർത്താനായി.

പാളയംകുന്ന് സ്കൂളിൽ ഹൈടെക് ലാബ് സാധ്യമാക്കി. വർക്കല ഗവ. ഐടിഐയ്ക്കായി എട്ടു കോടി രൂപ ചെലവഴിച്ച് സ്വന്തമായി പുതിയ കെട്ടിടസമുച്ചയം നിർമിക്കുമെന്നും എംഎൽഎ പറഞ്ഞു. പൊതുസമ്മേളനം മന്ത്രി വി ശിവൻകുട്ടി ഉദ്ഘാടനംചെയ്തു.

ആലിയിറക്കം വിജയാഭവനിൽ തീപിടിച്ച സുധാകരന്റെ വീട്

വീടിന് തീപിടിച്ചു

വർക്കല

അടുപ്പിൽനിന്നും തീ പടർന്ന് ഓടുമേഞ്ഞ വീടിന് തീപിടിച്ചു. ആലിയിറക്കം വിജയാഭവനിൽ സുധാകരന്റെ രണ്ടുമുറികൾ മാത്രമുള്ള വീടിനാണ് തീപിടിച്ചത്. ഞായർ പകൽ രണ്ടരയോടെയാണ് സംഭവം.

ഭക്ഷണം പാകം ചെയ്യാൻ അടുപ്പിൽ തീ പകർന്നശേഷം സുധാകരൻ പുറത്തേക്കുപോയ സമയത്താണ് തീ പടർന്ന് പിടിച്ചത്. വീടിന്റെ മേൽക്കൂര പൂർണമായും കത്തിനശിച്ചു. വർക്കല ഫയർഫോഴ്സ് ജീവനക്കാരെത്തി തീകെടുത്തി. സുധാകരൻ മാത്രമാണ് വീട്ടിൽ താമസം.

സിനിമ

തിരുവനന്തപുരം

കൈരളി
▶ 2018 (11.15, 2.30, 6.00, 9.15, 11.59)
ശ്രീ
▶ നെയ്മർ (11.00, 6.00, 9.15)
▶ പൊന്നിയിൻ സെൽവൻ 2 (M) (2.30, 11.59)
നിള
▶ പാച്ചുവും അത്ഭുതവിളക്കും (11.00, 2.30, 6.00, 9.30)
കലാഭവൻ
▶ 2018 (11.30, 2.30, 6.15, 9.15, 11.59)
ലെനിൻ സിനിമാസ്
▶ നീലവെളിച്ചം (4.00, 9.00)
▶ ബി32 – 44 (11.30)
▶ EVIL DEAD RISE (2.00, 7.00, 11.30)
അജന്ത
▶ നെയ്മർ (11.15, 2.15, 10.15)
▶ പൊന്നിയിൻ സെൽവൻ 2 (6.30)
ഏരീസ് പ്ലക്സ് എസ്എൽ സിനിമാസ്
ഓഡി 1
▶ 2018 (11.30, 3.00, 6.30, 10.00)
ഓഡി 2
▶ പൊന്നിയിൻ സെൽവൻ 2 (2.45, 6.30)
▶ പൊന്നിയിൻ സെൽവൻ 2 (M) (11.15, 2.00, 4.45, 7.45, 10.55)
ഓഡി 3
▶ ഫർഹാന (11.00, 10.10)
▶ IB71 (1.45)
▶ EVIL DEAD (4.15)
▶ പൊന്നിയിൻ സെൽവൻ 2 (6.30)
ഓഡി 4
▶ കേരള സ്റ്റോറി (10.15, 1.15, 4.15, 7.30)
▶ ജാനകി ജാനെ (10.30)
ഓഡി 5
▶ GUARDIANS OF THE GALAXY (10.15)
▶ 2018 (1.15, 4.30, 7.45, 11.00)
ഓഡി 6
▶ ജാനകി ജാനെ (10.00)
▶ പാച്ചുവും അത്ഭുതവിളക്കും (12.30, 4.00, 7.30, 10.45)

വർക്കല

വിമല
▶ 2018 (11.00, 3.00, 6.30, 9.45)
എസ് ആർ
▶ പത്താം വളവ് (11.00, 3,00, 6.30, 9.45)
സ്റ്റാർ
▶ DON (11.00, 3.00, 6.15, 9.30)

വെട്ടുറോഡ്

ഹരിശ്രീ (0471 2755666)
▶ 2018 (11.15, 2.30, 6.15, 9.30)

വെഞ്ഞാറമൂട്

സിന്ധു സിനിമ
▶ 2018 (4 ഷോ)

പോത്തൻകോട്

എച്ച് കെ സിനിമാസ് (0471 2715555)
▶ നെയ്മർ (11.15, 2.30, 6.15, 9.30)
എം ടി സിനി പ്ലക്സ് (2419515)
ഡെല 1
▶ പാച്ചുവും അത്ഭുതവിളക്കും (11.00, 2.30, 6.15, 9.45)
ഡെല 2
▶ EVIL DEAD RISE (11.00, 2.30, 6.30, 9.30)

നെടുമങ്ങാട്

റാണി ടാക്കീസ്
സ്ക്രീൻ 1
▶ 2018 (11.00, 2.30, 6.00, 9.30)
സ്ക്രീൻ 2
▶ ജാനകി ജാനെ (2.30, 6.00, 9.30)
▶ FARHANA (11.00)

കാട്ടാക്കട

എസ് എൽ സിനിമാസ്
സ്വരം
▶ 2018 (11.15, 2.15, 6.15, 9.15)
ലയം
▶ നെയ്മർ (11.15, 2.15, 6.15, 9.15)
ശ്രീ കാളിദാസ് (9562404499)
ഓഡി 1
▶ 2018(4 ഷോ)
ഓഡി 2
▶ പൊന്നിയിൻ സെൽവൻ 2 (4 ഷോ)
ഓഡി 3
▶ പൊന്നിയിൻ സെൽവൻ 2 (4 ഷോ)
ഓഡി 4
▶ കേരള സ്റ്റോറി 2 (11.00, 9.30)
ഓഡി 5
▶ വിരുപക്ഷ (6.15? 9.30)
▶ മദനോത്സവം (6.15,9.30)
ഓഡി 6
▶ പാച്ചുവും അത്ഭുതവിളക്കും (4 ഷോ)

ദേശാഭിമാനി ക്യാമ്പയിൻ ഉദ്ഘാടനം

സിപിഐ എം ആറ്റിങ്ങൽ ഏരിയ കമ്മിറ്റി ദേശാഭിമാനി ക്യാമ്പയിന്റെ ഭാഗമായി ഹുണ്ടികകൾ സ്ഥാപിക്കുന്നത് മുദാക്കലിൽ ജില്ലാ കമ്മിറ്റി അംഗം വി എ വിനീഷ് ഉദ്ഘാടനംചെയ്യുന്നു. ഏരിയ സെക്രട്ടറി എസ് ലെനിൻ സമീപം

ആറ്റിങ്ങൽ

സിപിഐ എം ആറ്റിങ്ങൽ ഏരിയ കമ്മിറ്റിക്ക് കീഴിലെ ബ്രാഞ്ച് കമ്മിറ്റികളിൽ ദേശാഭിമാനി ക്യാമ്പയിന്റെ ഭാഗമായി ഹുണ്ടികകൾ സ്ഥാപിക്കുന്നത് മുദാക്കലിൽ ജില്ലാ കമ്മിറ്റി അംഗം വി എ വിനീഷ് ഉദ്ഘാടനംചെയ്തു. ഏരിയ സെക്രട്ടറി എസ് ലെനിൻ, ഏരിയ കമ്മിറ്റി അംഗം എം ബി ദിനേശ്, ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി സി ജയശ്രീ, ലോക്കൽ കമ്മിറ്റി അംഗങ്ങളായ ജെ വിക്രമ കുറുപ്പ്, ടി ശ്രീനിവാസൻ, ഉഷ അനിത കുമാർ, എൻ സോമൻ, വി സന്തോഷ്, റഷീദ് റസ്റ്റം, കിഴക്കേ അയിലം ബ്രാഞ്ചംഗം അൻസിൽ എന്നിവർ പങ്കെടുത്തു.

ചിറയിൻകീഴ്

സിപിഐ എം ചിറയിൻകീഴ് ലോക്കൽ കമ്മിറ്റി നേതൃത്വത്തിൽ വീടുകളിൽനിന്ന് വാർഷിക വരിസംഖ്യ ശേഖരിക്കുന്നതിനായി കുടുക്ക വിതരണം ചെയ്തു. ലോക്കൽ കമ്മിറ്റിക്കുകീഴിലെ മുഴുവൻ ബ്രാഞ്ചുകളിലെയും വീടുകളിൽ കുടുക്കകൾ നൽകും. ആനത്തലവട്ടം ബ്രാഞ്ച് പരിധിയിലെ സിന്ധു സുദർശന് നൽകി ജില്ലാ കമ്മിറ്റിയംഗം ആർ സുഭാഷ് ഉദ്ഘാടനം ചെയ്തു. ഏരിയ കമ്മിറ്റിയംഗം വി വി ജയകുമാർ, സി രവീന്ദ്രൻ, വി സുഭാഷ്, എൻ സാമ്പൻ, കെ മോഹനൻ എന്നിവർ സംസാരിച്ചു.

■ കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത് ജലബജറ്റ് പുറത്തിറക്കി

കരുതലാകാം വെള്ളം മുട്ടാതിരിക്കാൻ

സ്വന്തംലേഖകൻ

തിരുവനന്തപുരം

കിളിമാനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ ജലബജറ്റ് പുറത്തിറക്കി. ഹരിതകേരള മിഷൻ നേതൃത്വത്തിലാണ് ജലബജറ്റ് തയ്യാറാക്കിയത്. ജല ഉപയോഗത്തിൽ നിയന്ത്രണം വേണ്ടിവരുമെന്ന് ബജറ്റ് വ്യക്തമാക്കുന്നു. പഴയകുന്നുമ്മേൽ, മടവൂർ, നാവായിക്കുളം, നഗരൂർ, പുളിമാത്ത്, പള്ളിക്കൽ, കിളിമാനൂർ, കരവാരം, കിളിമാനൂർ പഞ്ചായത്തുകളും ജലബജറ്റ് പ്രസിദ്ധീകരിച്ചു.

ഒമ്പത് പഞ്ചായത്തുകളിലും ജലമിച്ചമുണ്ടെങ്കിലും നിയന്ത്രണം ആവശ്യമാണെന്ന് റിപ്പോർട്ട് വ്യക്തമാക്കുന്നു. ഡിസംബർ മാസത്തെ ആദ്യ പത്തുദിവസങ്ങളിലും ഏപ്രിൽമാസത്തിൽ 20 വരെയും ജലക്ഷാമമുണ്ടെന്നും റിപ്പോർട്ട് പറയുന്നു. കാർഷിക ആവശ്യങ്ങൾക്ക് ജലലഭ്യത ഉറപ്പാക്കണമെങ്കിൽ ജലസേചന സൗകര്യങ്ങളും ജലസംരക്ഷണപ്രവർത്തനങ്ങളും വികസിപ്പിക്കണം. വർഷത്തിൽ ലഭിക്കുന്ന മഴയുടെ 50 ശതമാനമാണ് ജലഭ്യതയായി കണക്കാക്കിയത്. ഗാർഹികവും ഗാർഹികേതരവുമായ ഉപഭോഗം കുറച്ചാണ് ജലമിച്ചം കണക്കാക്കിയത്. ബ്ലോക്ക് പഞ്ചായത്തിനുകീഴിൽ നഗരൂർ, നാവായിക്കുളം, കിളിമാനൂർ പഞ്ചായത്തുകളിൽ കൂടുതൽ ജലഉപയോഗമുണ്ടെന്നും റിപ്പോർട്ട് പറയുന്നു.

ഗവ. ഹോമിയോ ആശുപത്രിയിൽ ലൈബ്രറി ഒരുക്കി എൻഎസ്എസ് യൂണിറ്റ്

കിളിമാനൂർ

ആശുപത്രിയിലെത്തുന്നവർക്ക് പുസ്തക ചികിത്സകൂടി ലഭ്യമാക്കി പകൽക്കുറി ജിഎച്ച്എസ്എസ് ഹയർ സെക്കൻഡറി വിഭാഗം എൻഎസ്എസ് യൂണിറ്റ്. പകൽക്കുറി ഗവ. ഹോമിയോ ആശുപത്രിക്കാണ് ഇവർ ലൈബ്രറി നൽകിയത്. പള്ളിക്കൽ പഞ്ചായത്ത് പ്രസിഡന്റ് എം ഹസീന ഉദ്ഘാടനം ചെയ്തു. പിടിഎ പ്രസിഡന്റ് എസ് മനു അധ്യക്ഷനായി. പഞ്ചായത്ത് വൈസ് പ്രസിഡന്റ് എം മാധവൻകുട്ടി, പി രഘൂത്തമൻ, അനിൽ പി നായർ, സ്കൂൾ പ്രിൻസിപ്പൽ ബി ഷീല, മെഡിക്കൽ ഓഫീസർ ഡോ. സഹീർ അബ്ബാസ് തുടങ്ങിയവർ പങ്കെടുത്തു.

വിവാഹം

ചേരപ്പള്ളി

പറണ്ടോട് വലിയകലുങ്ക് കൃഷ്ണേന്ദുഭവനിൽ കെ ശശിധരൻനായരുടെയും ലളിത ശശിയുടെയും മകൾ രാകേന്ദുശശിയും പറണ്ടോട് പോങ്ങോട് വടക്കുംകര പുത്തൻവീട്ടിൽ ബി ശശിധരൻനായരുടെയും (മണികണ്ഠൻ), വി സിന്ധുവിന്റെയും മകൻ ശ്രീരാഗും വിവാഹിതരായി.

ചേരപ്പള്ളി

റോഡരികത്തുവീട്ടിൽ ഡി കൃഷ്ണൻകുട്ടിയുടെയും എ ഗിരിജയുടെയും മകൻ നീതിഷും ആര്യനാട് താന്നിമൂട് മഠത്തുവാതിക്കൽ മകത്തിൽ ആർ അനിൽകുമാറിന്റെയും എസ് സുഷമദേവിയുടെയും മകൾ അമലുവും വിവാഹിതരായി.

ചാനൽ സിനിമ

കൈരളി

6.30	ഗൂഗ്ലി
9.00	പുലി
12.00	ബുക്ക് ഓഫ് മിത്തിക്കൽ ബീസ്റ്റ്സ്
4.00	കളക്ടർ
6.30	പാണ്ഡ്യനാട്
10.00	പയ്യാ

വി

7.00	വക്കീൽ വാസുദേവ്
10.00	ആര്യ
3.00	വല്ല്യേട്ടൻ
6.00	സമ്മർ ഇൻ ബത്‌ലഹേം
9.00	സ്വാമി അയ്യപ്പൻ
11.30	ഒരിക്കൽക്കൂടി

ഏഷ്യാനെറ്റ്

9.30	വെട്ടം

ഏഷ്യാനെറ്റ് പ്ലസ്

5.30	ഇടനാഴിയിൽ ഒരു കാലൊച്ച
9.30	എന്റെ സൂര്യപുത്രിക്ക്
3.00	വർണ്ണപകിട്ട്
11.00	അർജുൻ റെഡ്ഡി

ഏഷ്യാനെറ്റ് മൂവീസ്

7.00	മരുഭൂമിയിലെ ആന
10.00	ആറാംതമ്പുരാൻ
1.00	അടികപ്യാരേ കൂട്ടമണി
4.00	വിനോദയാത്ര
7.00	റോഷാക്

സൂര്യ

8.30	നാറാണത്ത് തമ്പുരാൻ
2.30	ഹൗ ഓൾഡ് ആർ യു

സൂര്യ മൂവീസ്

7.00	ദശാവതാരം
10.00	ത്രിവേണി
1.00	കാഴ്ച
4.00	അഗ്നിനക്ഷത്രം
7.00	ഫയർമാൻ

എസിവി

9.00	ചിന്നവല
2.00	അമൃതം ഗമയ
9.30	ഡാനി

വെളിച്ചം പകർന്ന് നാടിന്റെ കുട്ടിപ്പൊലീസ്

സ്വന്തം ലേഖകൻ

വിതുര

അവധിക്കാലം ക്രിയാത്മകമായി വിനിയോഗിക്കാനുള്ള പ്രവർത്തനങ്ങളിൽ വ്യാപൃതരാണ് വിതുരയിലെ കുട്ടിപ്പൊലീസുകാർ. വിതുര ഗവ. വൊക്കേഷണൽ ആൻഡ് ഹയർ സെക്കൻഡറി സ്കൂളിലെ സ്റ്റുഡന്റ് പൊലീസ് കേഡറ്റുകളാണ് നാടിനും കുടുംബങ്ങൾക്കും ഗുണകരമായ പദ്ധതികൾ നടപ്പാക്കുന്നത്. വർധിച്ചു വരുന്ന വൈദ്യുതി ഉപയോഗം കുറയ്ക്കുന്നതിനായുള്ള ഊർജ്ജ സംരക്ഷണ ക്യാമ്പയിനാണ് ഇതിൽ ശ്രദ്ധേയം.

അശ്രദ്ധകൊണ്ടുള്ള വൈദ്യുത നഷ്ടം നികത്തുകയും കൃത്യമായ ആസൂത്രണത്തിലൂടെ വീടുകളിലെ വൈദ്യുതി ഉപയോഗത്തിൽ ഇളവുണ്ടാക്കി അതുവഴി വൈദ്യുതി ബില്ലിൽ കുറവു വരുത്തുകയുമാണ് പദ്ധതിയുടെ ലക്ഷ്യം. കേഡറ്റുകൾ സ്വന്തം വീട്ടിൽ ഉപയോഗത്തിലുള്ള വൈദ്യുത ഉപകരണങ്ങൾ തിട്ടപ്പെടുത്തുകയും ഓരോ ദിവസത്തെ വൈദ്യുതി ഉപയോഗം രേഖപ്പെടുത്തുകയുമാണ് ആദ്യം ഘട്ടത്തിൽ ചെയ്യുന്നത്. ഇതിനായി എനർജി കാർഡുകൾ കുട്ടികൾ തയ്യാറാക്കിയിട്ടുണ്ട്. തുടർന്ന് ഓരോ മാസവും നിയന്ത്രിത വൈദ്യുത ഉപയോഗത്തിലൂടെ ഗാർഹിക വൈദ്യുത ബില്ലിൽ കുറവ് വരുത്തുന്നു. ഒപ്പം 'വൈദ്യുതി സംരക്ഷണത്തിന് കൈകോർക്കുക' എന്ന മുദ്രാവാക്യവുമായി പരിസര വീടുകളിലെത്തി ഊർജ്ജ നഷ്ടം സംഭവിക്കാതിരിക്കാനുള്ള ബോധവൽക്കരണവും നൽകുന്നുണ്ട്.

ഒരു കേഡറ്റിന് സമീപത്തുള്ള അഞ്ച് വീടുകളാണ് നിശ്ചയിച്ചിട്ടുള്ളത്. വൈകിട്ട് ആറുമുതൽ ഒമ്പതുവരെയുള്ള സമയത്ത് വൈദ്യുത ഉപയോഗം പരമാവധി കുറക്കുക, ഇസ്തിരിപെട്ടി ഉൾപ്പെടെയുള്ള ഉപകരണങ്ങൾ ഈ സമയത്ത് ഉപയോഗിക്കാതിരിക്കുക, ഇടക്കിടെ ഫ്രിഡ്ജ് തുറക്കുന്നതിന് പകരം ഏതെങ്കിലും ഒരു നേരം തുറന്ന് അവശ്യ സാധനങ്ങളെല്ലാം പുറത്തെടുക്കുക, വാട്ടർ ടാങ്കിൽ വെള്ളം നിറയാനാവശ്യമായ സമയം നിരീക്ഷിച്ച് ആ സമയത്തിനുള്ളിൽ മോട്ടോർ ഓഫാക്കുക തുടങ്ങിയ നിർദ്ദേശങ്ങൾ വീട്ടുടമസ്ഥർക്ക് കേഡറ്റുകൾ നൽകുന്നു. പ്രകൃതി വിഭവങ്ങൾ പാഴാക്കാതെ ഉപയോഗിക്കാനും വരും തലമുറയ്ക്ക് കൂടി അവ ഉത്തരവാദിത്തോടെ കൈമാറാനുള്ള ഉപയോഗ സംസ്കാരം വളർത്തിയെടുക്കാനാണ് 'ഞാനാണ് പരിഹാരം' എന്ന പ്രമേയവുമായി സ്റ്റുഡന്റ് പൊലീസ് കേഡറ്റുകളുടെ ശ്രമം.

പ്രാവച്ചമ്പലത്ത് നടന്ന സംസ്ഥാന സബ് ജൂനിയർ ബാസ്കറ്റ്ബോളിൽ ആൺ കുട്ടികളുടെ വിഭാഗം ചാമ്പ്യൻമാരായ തിരുവനന്തപുരം ജില്ലാ ടീം

ഇന്നത്തെ പരിപാടി

വഞ്ചിയൂർ ഏരിയ കമ്മിറ്റിയുടെ ആയുർവേദ കോളേജ് ആശുപത്രി ശുചീകരണം: ഉദ്ഘാടനം എം വി ഗോവിന്ദൻ. രാവിലെ 8.00

പാളയം സെന്റ് ജോസഫ് സ്കൂൾ ഓഡിറ്റോറിയം: ജില്ലാ ലൈബ്രറി കൗൺസിൽ പുസ്തകോത്സവം. വി കെ മധുവിന്റെ പുസ്തകം ഡോ. തോമസ് ഐസക് പ്രകാശിപ്പിക്കും. വൈകിട്ട് 4.30

പുത്തരിക്കണ്ടം: കുടുംബശ്രീ രജതജൂബിലി ആഘോഷം. പകൽ 10.30

സിപിഐ എം ഗൃഹസന്ദർശനം

വിളപ്പിൽ

കാട്ടാക്കട നിയോജകമണ്ഡലത്തിൽ സിപിഐ എം നേതൃത്വത്തിൽ ഗൃഹസന്ദർശനം പുരോഗമിക്കുന്നു. സിപിഐ എം ജില്ലാ കമ്മിറ്റി അംഗം എം എം ബഷീർ, എൽസി സെക്രട്ടറി എസ് കൃഷ്ണൻ, ബൂത്ത് സെക്രട്ടറി രഞ്ജിത്ത് എന്നിവരുടെ നേതൃത്വത്തിൽ ബൂത്ത് നമ്പർ 139 ഒലിപ്പുനട പ്രദേശത്തെ വീടുകൾ സന്ദർശിച്ചു. എൽഡിഎഫ് സർക്കാരിന്റെ വികസന പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്തു.

പഠന ക്യാമ്പ് സംഘടിപ്പിച്ചു

പാലോട്

നന്ദിയോട് കള്ളിപ്പാറ റസിഡന്റ്സ് അസോസിയേഷന്റെ കുട്ടികളുടെ വിഭാഗം കുട്ടിക്കൂടാരത്തിന്റെ ഭാരവാഹികളുടെ പഠന, ആസ്വാദന ക്യാമ്പ് പൊന്മുടിയിൽ നടന്നു. പാലോട് ബിആർസിയിലെ ആർട്ട് അധ്യാപകൻ എം നാഷിദ് ഉദ്ഘാടനംചെയ്തു. എസ് ആർഷ അധ്യക്ഷയായി. ഭദ്ര ആർ സന്തോഷ്, അശ്വക് ഭരതന്നൂർ, അസോസിയേഷൻ പ്രസിഡന്റ് വി എൽ രാജീവ്, സെക്രട്ടറി വിക്ടർ തോമസ്, വൈസ് പ്രസിഡന്റ് ബിജു കുമാർ, ജോയിന്റ് സെക്രട്ടറി രാജേഷ് ബാബു, ട്രഷറർ ജയചന്ദ്രൻ നായർ എന്നിവർ സംസാരിച്ചു.



ശംഭു പാൽകുളങ്ങര (വൃത്തത്തിൽ) ഡിസിസി പ്രസിഡന്റ് പാലോട് രവിക്ക് മധുരം നൽകുന്നു

ഡിസിസി ഓഫീസിൽ മധുരം നുകരാൻ നടപടി നേരിട്ട നേതാവും

തിരുവനന്തപുരം

കർണാടകത്തിലെ കോൺഗ്രസ് വിജയം ആഘോഷിക്കാൻ ഡിസിസി ഓഫീസിൽ നടത്തിയ ലഡുവിതരണത്തിൽ വനിതാ നേതാവിനോട് അപമര്യാദയായി പെരുമാറിയ ആളും. യൂത്ത് കോൺഗ്രസ് സംസ്ഥാന എക്സിക്യൂട്ടിവ് അംഗം വിവേക് എച്ച് നായരാണ് ഡിസിസി പ്രസിഡന്റ് പാലോട് രവിക്ക് ലഡുനൽകാൻ മത്സരിക്കുന്നവരുടെ കൂട്ടത്തിലുള്ളത്.

കഴിഞ്ഞവർഷം പാലക്കാട് നടന്ന യൂത്ത്കോൺഗ്രസ് സംസ്ഥാന ക്യാമ്പിനിടെ വനിതാ നേതാവിനോട് അപമര്യാദയായി പെരുമാറിയെന്ന പരാതിയിൽ സംഘടനയിൽനിന്ന് സസ്പെൻഡ് ചെയ്യപ്പെട്ട നേതാവാണ് വിവേക് എച്ച് നായർ എന്ന ശംഭു പാൽകുളങ്ങര. ഇയാളെ കോൺഗ്രസിൽനിന്ന് സസ്പെൻഡ് ചെയ്തിരുന്നു.